പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3062 13.10 .2011 ൽ മറുപടിയ്ക്ക്

**അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവരുടെ ആവശ്യങ്ങൾ സംബന്ധിച്ച് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എം. ഹംസ : | ശ്രീ ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവരുടെ എന്തെങ്കിലും ആവശ്യങ്ങൾ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;<br>ബി)അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവർ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;<br>സി) അടിയന്തിരാവസ്ഥ തടവുകാർ പെൻഷൻ ആവശ്യം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ; | (എ), (ബി) ആന്റ് (സി)<br>അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥ തടവുകാർക്ക് പെൻഷൻ അനുവദിക്കണമെന്നതാണ് പ്രധാന ആവശ്യം. അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) അടിയന്തിരാവസ്ഥക്കാലത്ത് സംസ്ഥാനത്താകെ എത്ര പേർ ജയിൽവാസം അനുഭവിച്ചു; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ ;<br>ഇ) ഒറ്റപ്പാലം താലൂക്കിൽ അടിയന്തിരാവസ്ഥക്കാലത്ത് എത്ര പേർ ജയിൽവാസം അനുഭവിച്ചു ; പ്രസ്തുത വ്യക്തികളുടെ വിശദാംശം ലഭ്യമാക്കാമോ ? | (ഡി) ആന്റ് (ഇ)<br>ലഭ്യമായ കണക്കനുസരിച്ച് അടിയന്തിരാവസ്ഥ ക്കാലത്ത് വിവിധ രാജ്യരക്ഷാ ചട്ടങ്ങൾ അനുസരിച്ച് 5621 പേരെ സംസ്ഥാനത്തെ ജയിലുകളിൽ പാർപ്പിച്ചിരുന്നു. അടിയന്തിരാവസ്ഥ കാലഘട്ടത്തിലെ ജയിൽ രേഖകൾ പലതും കാലപ്പഴക്കംകൊണ്ട് നശിച്ചു പോയതിനാൽ അടിയന്തിരാവസ്ഥക്കാലത്ത് സംസ്ഥാ |

നത്താകെ എത്ര പേർ ജയിൽ വാസം അനുഭവിച്ചു എന്ന് കൃത്യമായി രേഖപ്പെടുത്തുന്നതിനും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുന്നതിനും നിർവ്വാഹമില്ല.

ലഭ്യമായ രേഖകൾ അനുസരിച്ച് ഒറ്റപ്പാലം സബ് ജയിലിൽ 127 പേർ അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.